# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴുവിലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP/1323/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയതി: 16/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴവിലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP/1323/2023 തീയ്യതി: 16/10/2023

# തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ. കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 18-08-2023 | 24-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-08-2023 | 24-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി. എം., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ബിന്ദു. ഒ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ. എം.എൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സജേഷ്. ആർ.എസ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ശ്രീജിത് എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ (Pen No.419889)

ശ്രീമതി മിനിമോൾ . എസ്. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മനോന്മണി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സ്റ്റാർലി ഒ.എസ്. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജയലക്ഷ്മി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 23-07-2022 |
| ശ്രീമതി ദീപ. ഡി.ഇ. | അസിസ്റ്റന്റ് എഞ്ചിനീയർ | 24-07-2022 | 05-09-2022 |
| ശ്രീമതി രമ്യ | അസിസ്റ്റന്റ് എഞ്ചിനീയർ | 06-09-2022 | 31-03-2023 |
| ശ്രീ. രവീന്ദ്രൻ പിള്ള | അസി. സെക്രട്ടറി | 01-04-2022 | 26-10-2022 |
| ശ്രീ. ശ്രീകുമാർ | അസി. സെക്രട്ടറി | 27-10-2022 | 31-03-2023 |
| ശ്രീമതി ശ്രീജകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഹാറൂൺ. ഐ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രഭുലാൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ. മിനി. എ.കെ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 30-04-2022 |
| ഡോ. ഗണേശ് ബാബു (ചാർജ്) | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-05-2022 | 30-05-2022 |
| ഡോ. മിനി. എ.കെ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 31-05-2022 | 30-06-2022 |
| ഡോ. ജാകിലിൻ. എസ്.എൽ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-07-2022 | 20-07-2022 |
| ഡോ. രമ. എസ്. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 21-07-2022 | 31-03-2023 |
| ഡോ. ദീപ രവി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ഡോ. രമ്യ ദത്ത് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 11-02-2023 |
| ഡോ. തങ്ക. ആർ. | മെഡിക്കൽ ഓഫീസർ, | 12-02-2023 | 31-03-2023 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| ശ്രീമതി. ആശാരാജ്.വി.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I | 01-04-2022 | 31-03-2023 |
| ശ്രീമതി. സുപ്രിയ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II | 01-04-2022 | 24-05-2022 |
| ശ്രീമതി. ആശാരാജ്.വി.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II (In-Charge) | 25-05-2022 | 14-06-2022 |
| ശ്രീമതി. ആതിര.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II | 15-06-2022 | 31-03-2023 |
| ശ്രീ. സതീഷ് കുമാർ.എസ് | ഹെഡ്മാസ്റ്റർ | 01-04-2022 | 30-04-2022 |
| ശ്രീമതി. വീണ (ചാർജ്) | യു.പി.എസ്.എ. | 01-05-2022 | 26-05-2022 |
| ശ്രീമതി. ഷീബ.എസ് | ഹെഡ്മിസ്ട്രസ് | 27-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ക്യാഷ് ബാലൻസ് പരിശോധന | !-11 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 4 | ക്യാഷ് ആകാത്ത ചെക്കുകളെ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. | 1-1-2 |
| 5 | ക്യാഷ്ബുക്ക് പാസ്സ്ബുക്ക് ബാലൻസുകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 6 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്- തുക ചെലവഴിച്ചിട്ടില്ല | 1-1-4 |
| 7 | ഗുണഭോക്തൃ വിഹിതം-ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-1-5 |
| 8 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-6 |
| 9 | സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല | 1-1-7 |
| 10 | ഡെപ്പോസിറ്റ് തുകകൾ- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചവ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തി അക്കൌണ്ട് ചെയ്തിട്ടില്ല | 1-1-8 |
| 11 | MGNREGS- വരവ് ചെലവുകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 12 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല | 1-1-10 |
| 13 | ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്-അപാകതകൾ | 1-1-11 |
| 14 | ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-12 |
| 15 | Stale Cheque-അപാകതകൾ | 1-1-13 |
| 16 | ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവ്-അപാകതകൾ | 1-1-14 |
| 17 | രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല | 1-1-15 |
| 18 | ബഡ്ജറ്റ് | 1-2 |
| 19 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് അവലോകനം നടത്തുന്നതിൽ വീഴ്ച | 1-2-1 |
| 20 | വരവ് ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി വാർഷിക അവലോകനം നടത്തുന്നില്ല. | 1-2-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഗ്രാന്റ് വിനിയോഗം | 1-4 |
| 23 | ഗ്രാന്റ് വിനിയോഗം- അപാകതകൾ | 1-4-1 |
| 24 | പദ്ധതി അവലോകനം | 1-5 |
| 25 | ക്ഷേമപദ്ധതികൾ | 1-6 |
| 26 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-7 |
| 27 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-8 |

| | | |
|---|---|---|
| 28 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 29 | ക്യാഷ് ബാലൻസ് പരിശോധന | 1-10 |
| 30 | രസീത് ബുക്കുകളുടെ പരിപാലനം -അപാകത | 1-11 |
| 31 | പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-12 |
| 32 | ബിൾഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിപാലനം -അപാകം | 1-12-1 |
| 33 | വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-13 |
| 34 | കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-14 |
| 35 | തൊഴിൽ നികുതി -അപാകങ്ങൾ | 1-15 |
| 36 | കരാറുകാരിൽ നിന്നും തൊഴിൽ നികുതിഈടാക്കിയില്ല | 1-15-1 |
| 37 | ഡോക്ടർമാർ തൊഴിൽ നികുതി പൂർണ്ണ നിരക്കിൽ അടച്ചിട്ടില്ല. | 1-15-2 |
| 38 | തൊഴിൽ നികുതി - കുറവായി അടച്ചിരിക്കുന്നു. | 1-15-3 |
| 39 | തൊഴിൽ നികുതി രജിസ്റ്റർ-പൂർണ്ണമല്ല. | 1-15-4 |
| 40 | സഹകരണ സംഘങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-15-6 |
| 41 | ഓഡിറ്റോറിയം, ഹാൾ -ലൈസൻസ് എടുത്തിട്ടില്ല. | 1-16 |
| 42 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻഇല്ലാതെ പ്രവർത്തിച്ച് വരുന്നു. | 1-17 |
| 43 | വിനിയോഗസാക്ഷ്യപത്രം- അധിക തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നില്ല. | 1-18 |
| 44 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. | 1-19 |
| 45 | തൊഴിലുറപ്പ് പദ്ധതി -അപാകം | 1-20 |
| 46 | ലൈഫ് ഭവന പദ്ധതി-ഗുണഭോക്താക്കൾ വീട് പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 47 | വെള്ളക്കരം-ജനറൽ കമ്മിറ്റി തീരുമാനത്തിൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-22 |
| 48 | കാർഷിക മേഖലയിൽ പദ്ധതികൾ ശുഷ്കം | 1-23 |
| 49 | വനിതാ ഘടക പദ്ധതികൾ -മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല. | 1-24 |
| 50 | ദുരിതാശ്വാസ നിധി-പണമിടപാടുകൾ ഒന്നും നടന്നിട്ടില്ല. | 1-25 |
| 51 | ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വെഹിക്കിൾ - ചെലവ് സ്വലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. | 1-26 |
| 52 | ആസ്തി രജിസ്റ്റർ-കാലികമല്ല. | 1-27 |
| 53 | പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് Laptop വിതരണം - സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-28 |
| 54 | അതിദാരിദ്ര്യ നിർമ്മാർജ്ജനം - ഭക്ഷണം എത്തിക്കൽ- ചെലവ് നടന്നില്ല – ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-29 |
| | ഭാഗം **2** | |

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## !-11 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ -രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 01.07.2023 ലെ 2(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 03.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കിഴവിലം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കിഴവിലം ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

വാർഷിക അനുപാതങ്ങൾ Ilgms സോഫ്റ്റ്വെയറിൽ ലഭ്യമല്ലാത്തതിനാലാണ് ഉൾപ്പെടുത്താത്തതെന്ന് എൻക്വയറിക്ക് (നം 13/ 21.8.2023) മറുപടി നല്കി.

### 1-1-2 ക്യാഷ് ആകാത്ത ചെക്കുകളെ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

SBI തനത്ഫണ്ട് (അക്കൗണ്ട് നം. 37175749820) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ "Cheque Deposited But Not Collected" ആയി 15041/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ക്യാഷ് ആകാത്ത ചെക്കുകളെ

സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ക്യാഷ് ആകാത്ത ചെക്കുകൾ 23-24 വർഷം മാത്രമേ ക്യാഷ് ആയി ലഭിക്കുകയുള്ളൂ എന്ന് എൻക്വയറിക്ക് (നം 13/ 21.8.2023) മറുപടി നല്കി.

### 1-1-3 ക്യാഷ്ബുക്ക് പാസ്സ്ബുക്ക് ബാലൻസുകൾ പൊരുത്തപ്പെടുന്നില്ല

ICICI Bank (AC NC. 075201001291) ന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്ബുക്ക് ബാലൻസായി 11605639/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു.ബാങ്ക് സ്റ്റേറ്റ്മെന്റിൽ ബാലൻസ് 11704770/- രൂപയാണ്. കൂടാതെ Directly Debited By Bank ആയി 429586/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

99131/- രൂപ അക്കൗണ്ട്സിൽ വരവിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണ് വ്യത്യാസത്തിന് കാരണം എന്നും 23-24 വർഷം അപാകത പരിഹരിച്ചിട്ടുണ്ടെന്നും എൻക്വയറിക്ക് (നം. 13/ 21.8.2023) മറുപടി നല്കി.

### 1-1-4 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്- തുക ചെലവഴിച്ചിട്ടില്ല

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100162 | Sarva Siksha Abhiyan | 1240000 |
| 320200101 | Development Fund General | 212251 |
| 320700201 | Contributions For Joint Venture Projects( For Capital Expenditure) -From Municipalities | 1,600,000 |
| 320700205& 320700105 | Contributions For Joint Venture Projects (For Revenue Expenditure) -From District Panchayath | 1542720 |
| 320700204 & 320700404 | Contributions For Joint Venture Projects (For Revenue Expenditure) -From Block Panchayath | 3220315 |

അവശേഷിക്കുന്ന തുകകൾ വരും വർഷങ്ങളിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്യുന്നതാണെന്ന് എൻക്വയറിക്ക് (നം 13/ 21.8.2023) മറുപടി നല്കി.

### 1-1-5 ഗുണഭോക്തൃ വിഹിതം-ചെലവഴിക്കാതെ അവശേഷിക്കുന്നു.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 2624431/- രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ജലജീവൻ മിഷനുവേണ്ടി ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത തുക പദ്ധതി പൂർണ്ണമായും നിർവ്വഹണം നടത്തുന്ന മുറയ്ക്ക് ചെലവഴിക്കുന്നതാണെന്ന് എൻക്വയറിക്ക് (നം 13/ 21.8.2023) മറുപടി നല്കി.

### 1-1-6 അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല

2021-22 സാമ്പത്തിക വർഷം ക്രമീകരിക്കാതെ അവശേഷിച്ച അഡ്വാൻസ് തുകകൾ 2022-23 സാമ്പത്തിക വർഷവും ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 460500399 | Advance To Other Authrised Agencies | 10300 |
| 460500204 | Deposit With Kerala Ground Water Department | 204500 |

| | | |
|---|---|---|
| 460500501 | Advance To Implimenting Officers | 1155771 |
| 460500201 | Deposit With KSEB | 2991739 |
| 460509901 | Advance To Others | 1188710 |

അഡ്വാൻസുകൾ ക്രമീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് എൻക്വയറിക്ക് (നം 13/ 21.8.2023) മറുപടി നല്കി.

### 1-1-7 സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. 21-22 വർഷത്തെ അതേ തുക തന്നെയാണ് 2022-23 വർത്തെ വാർഷിക ധനകാര്യപത്രികയിൽ Stock In Hand ആയി ഉൾപ്പെടുത്തിയിട്ടുള്ളത്.

സോഫ്റ്റ് വെയറിൽ ക്രമീകരണം വന്നിട്ടില്ലാത്തതിനാലാണ് ഉൾപ്പെടുത്താൻ സാധിക്കാത്തത് എന്ന് എൻക്വയറിക്ക് (നം 13/ 21.8.2023) മറുപടി നല്കി.

### 1-1-8 ഡെപ്പോസിറ്റ് തുകകൾ- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചവ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തി അക്കൌണ്ട് ചെയ്തിട്ടില്ല

Kerala Water Authority യിൽ മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ 2969108/-രൂപ 1.4.22 ൽ അവശേഷിക്കുന്നു. തൻവർഷം തുകയൊന്നും ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 22-23 സാമ്പത്തിക വർഷം 1691853/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു.അപ്രകാരം കണക്കാക്കുമ്പോൾ ആകെ 1277255/- രൂപ-യാണ് KWAയിൽ അവശേഷിക്കുന്നത്. ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂളിൽ 2646276/- രൂപയാണ് ഡെപ്പോസിറ്റ് തുകയിൽ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്.

തൻവർഷം ഫയൽ പരിശോധിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുകകൾ ക്രമീകരിക്കുന്നതാണെന്ന് എൻക്വയറിക്ക് (നം 13/ 21.8.2023) മറുപടി നല്കി.

### 1-1-9 MGNREGS- വരവ് ചെലവുകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല

MGNREGS ആകെ വരവ് (I-14 C) 50714844/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു.പ്രസ്തുത വരവ് EFMS വരവ് മാത്രമാണ്.രജിസ്റ്റർ പ്രകാരം ആകെ വരവ് 52079550/- രൂപയാണ്. NREGS പലിശ വരവ് 7705/- രൂപ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. AFS-ൽ പ്രസ്തുത വരവ് ഉൾപ്പെട്ട ഹെഡ് വിശദമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 13/ 21.8.2023) ലഭ്യമാക്കിയ മറുപടി വ്യക്തമല്ല.

### 1-1-10 കാലഹരണപ്പെട്ട ഡെപ്പേസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല

B-7, ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റുകളിൽ കാലഹരണപ്പെട്ട ഡെപ്പേസിറ്റുകളുടെ വിവരവും അവ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് കമ്മിറ്റ് തീരുമാനം എടുത്ത് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 13/ 21.8.2023) മറുപടി നല്കി.

### 1-1-11 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്-അപാകതകൾ

ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിലെ Net Cash Generated By Operating+ Investing+financing Activity (A+B+C) ആയി രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

I K M -മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 13/ 21.8.2023) മറുപടി നല്കി.

### 1-1-12 ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് , ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ/പ്രതിമാസം അതാത് ശീർഷകത്തിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തി കാണുന്നില്ല.

അപാകത വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം. 13/ 21.8.2023) മറുപടി നല്കി.

## 1-1-13 Stale Cheque-അപാകതകൾ

സ്ഥാപനം ഇഷ്യൂ ചെയ്ത ചെക്കുകളിൽ 3 മാസം കഴിഞ്ഞിട്ടും ക്യാഷ് ആകാത്ത ചെക്കുകൾ Stale Cheque വിഭാഗത്തിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-14 ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവ്-അപാകതകൾ

ലൈഫ് ഭവന പദ്ധതി വായ്പയിൽ, 1-4-22 ൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക 10375765/- രൂപയാണ്. തൻവർഷം ലോൺവരവ് 3720000 രൂപയും ലോൺ തിരിച്ചടവ് 2767249/- രൂപയുമാണ്. അപ്രകാരം കണക്കാക്കുമ്പോൾ 31.3.22 ലെ ലോൺ തിരിച്ചടവ് ബാലൻസ് 11328516/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ബാലൻസ് 11940543/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

ലൈഫ് ലോൺ തിരിച്ചടവ് തുക അക്കൌണ്ട്സിൽ ഉൾപ്പെടുത്താൻ വിട്ടു പോയതാണെന്നും ഇത് 23-24 വർഷം ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 13/ 21.8.2023) മറുപടി നല്കി.

## 1-1-15 രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല

വായ്പാ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-1-1 മുതൽ 1-1-15 വരെയുള്ള ഖണ്ഡികകളിൽ സൂചിപ്പിട്ടുള്ള അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-2 ബഡ്ജറ്റ്

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 24.03.2022 | 21.03.2023 |
| ഭരണസമിതി തീരുമാനം | 1(1) | 1(1) |
| മുന്നിരിപ്പ് | 14013430 | 32146323 |
| പ്രതീക്ഷിത വരവ് | 421417400 | 534337473 |
| ആകെ | 435430830 | 566483796 |
| പ്രതീക്ഷിത ചെലവ് | 425912000 | 550031653 |
| നീക്കിയിരിപ്പ് | 9518830 | 16452143 |

ഭരണസമിതിയുടെ 24.03.2022ലെ 1(1) നമ്പർ തീരുമാന പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. ഭരണസമിതിയുടെ 21.03.2023 ലെ 1(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് റിവൈസ് ചെയ്തു. അത് പ്രകാരം പ്രതീക്ഷിത വരവ് 566,483,796/- രൂപയും പ്രതീക്ഷിത ചെലവ് 550,031,653/- രൂപയുമാണ്. വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ ആകെ പ്രതീക്ഷിത വരവ് 101,874,726/- രൂപയും ചെലവ് 75334208/- രൂപയുമാണ്.
ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. പ്രതീക്ഷിത വരവ് ചെലവുകൾ യുക്തിപൂർവ്വം നിർണ്ണയിച്ച് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും, ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് അവലോകനം നടത്തുന്നതിൽ വീഴ്ച

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ

മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസംതോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 19/22.08.2023 ന് വാർഷിക അവലോകനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

## 1-2-2 വരവ് ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി വാർഷിക അവലോകനം നടത്തുന്നില്ല.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 19/22.08.2023 ന് വാർഷിക അവലോകനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30605003/- രൂപ |
| വരവ് | 71269723/- രൂപ |
| ആകെ | 101874726/- രൂപ |
| ചെലവ് | 75334208/- രൂപ |
| നീക്കിയിരിപ്പ് | 26540518/- രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20920804 | 20920804 | 21169335 | -248531 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 13072947 | 13072947 | 12406897 | 666050 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 9573773 | 9573773 | 4426888 | 5146885 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4265497 | 4265497 | 2174917 | 2090580 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 21554000 | 21554000 | 8724711 | 12829289 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 7083000 | 7083000 | 6313949 | 769051 |
| CSS | 0 | 0 | 0 | 1006038 | -1006038 |
| Sss | 0 | 0 | 0 | 2482600 | -2482600 |

## 1-4-1 ഗ്രാന്റ് വിനിയോഗം- അപാകതകൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ചെലവ് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം | എ.സി.ആർ പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം (I6 + Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 21169335 | 19904348 | 21169335 |
| വികസന ഫണ്ട് (എസ്.സി.പി) | 12406897 | 11674844 | 11430772 |
| വികസന ഫണ്ട് (CFC Tied) | 4426888 | 5119452 | 3500805 |
| വികസന ഫണ്ട് (CFC Untied) | 2174917 | 2231025 | 1097289 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 8724711 | 9218816 | 8724711 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 6313949 | 6336506 | 4044845 |

Sourse Deduction, GO Project, Que Bill എന്നിവയിലെ വ്യത്യാസവും, Project Nc 272/22 ന് വേണ്ടി ചെലവായ തുക 612027/- അക്കൗണ്ട്സിൽ ഉൾപ്പെടുത്താൻ വിട്ടു പോയതും, CFC Tied Fund ട്രഷറിയിൽ നിന്ന് നേരിട്ട് ചെലവഴിച്ചതും ആണ് മേൽ സൂചിപ്പിച്ച പൊരുത്തക്കേടിന് കാരണം എന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 7, 19.8.23) മറുപടി നല്കി.

2)ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % | വിഹിതം പൂർണമായും ചെലവഴിക്കാത്തതിന്റെ കാരണം |
|---|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 17632415 | 8187652 | 46.43 | |
| | പട്ടിക ജാതി | 1759900 | 802460 | 45.59 | |
| സേവനം | പൊതുവിഭാഗം | 77564720 | 27088483 | 34.92 | |
| | പട്ടിക ജാതി | 40649553 | 14302939 | 35.18 | |
| പശ്ചാത്തലം | പൊതുവിഭാഗം | 36513502 | 15195405 | 41.61 | |
| | പട്ടിക ജാതി | 2758206 | 364098 | 13.2 | |

പദ്ധതി തുക ഭാഗികമായി ചെലവഴിച്ചു എന്നും ബാക്കി തുക സ്പിൽ ഓവറായി ചെലവഴിക്കുമെന്നും (എൻക്വയറി നം 7, 19.8.23) മറുപടി നല്കി).

3)സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന്

നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ തിരികെ ഒടുക്കിയിട്ടില്ലാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700101 | മുനിസിപ്പാലിറ്റി | 1600000 |
| 2 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 3220315 |
| 3 | 320700205 | ജില്ലാ പഞ്ചായത്ത് | 837720 |

സംയുക്ത പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്തി നിർവ്വഹണം നടന്നു വരുന്നു എന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 7/19.8.23) ന് മറുപടി നല്കി.

4)സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 3278384 | 1113410 | 33.96 |
| കുട്ടികൾ | 2861725 | 2255007 | 78.79 |
| വൃദ്ധർ | 1670130 | 822030 | 49.21 |
| ഭിന്നശേഷിയുള്ളവർ | 75000 | 70200 | 93.6 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 0 | 0 | 0 |
| പാലിയേറ്റീവ് കെയർ രോഗികൾ | 1700000 | 1699998 | 99.99 |

വൃദ്ധർ, ഭിന്നശേഷിയുള്ളവർ, പാലിയേറ്റീവ് കെയർ രോഗികൾ എന്നീ വിഭാഗങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് തുക വകയിരുത്തിയെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പദ്ധതി | വകയിരുത്തിയ തുക |
|---|---|---|
| വൃദ്ധർ | വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) | 539400 |
| ഭിന്നശേഷിയുള്ളവർ | സ്പീച്ച് ഒക്യൂപ്പേഷണൽ ബിഹേവിയർ തെറാപ്പി പഞ്ചായത്ത് വിഹിതം ഒടുക്കൽ | 100000 |
| പാലിയേറ്റീവ് കെയർ രോഗികൾ | ആശ്വാസ്-ഡയാലിസിസ് രോഗികൾക്ക് ചികിൽസാ സഹായം | 216000 |

തുക ചെലവഴിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 7/19.8.23) ന് മറുപടി നല്കി).

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം


2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(എ)


| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രികപ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 23778000 | 21169335 | 2608665 |
| വികസനഫണ്ട് എസ്.സി.പി | 14297000 | 12406897 | 1890103 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 7083000 | 6313949 | 769051 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 21554000 | 8724711 | 12829289 |
| ആകെ | 66712000 | 48614892 | 18097108 |

*ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.*

(1)




(2)



| ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരം | | | | | | |
|---|---|---|---|---|---|---|
| ഫണ്ട് | മുന്നിരിപ്പ് 2021-22 B4ഷെഡ്യൂൾ പ്രകാരം | വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവ്) | ആകെ | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B4 ഷെഡ്യൂൾ പ്രകാരം) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 4602979 | 9573773 | 14176752 | 4426888 | 9749864 | 7812692 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 4028581 | 4265497 | 8294078 | 2174917 | 6119161 | 6613320 |

വ്യത്യാസം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 5 | 3 | 16087866 | 3433461 | 21.34 |
| വെറ്റിനറി സർജൻ | 8 | 8 | 0 | 6422400 | 1481561 | 23.07 |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 9 | 6 | 3 | 3948161 | 3530202 | 89.41 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 1 | 0 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 6 | 6 | 0 | 1916730 | 1845968 | 96.31 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 16 | 11 | 5 | 79071180 | 6459380 | 8.17 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 13 | 10 | 3 | 28744300 | 13806500 | 48.03 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 9 | 2 | 7609988 | 5187840 | 68.17 |
| സെക്രട്ടറി | 36 | 23 | 13 | 28829837 | 6647246 | 23.06 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 85 | 38 | 47 | 52524493 | 19755534 | 37.61 |
| ഹെഡ് മാസ്റ്റർ | 9 | 7 | 2 | 4173975 | 3267257 | 78.28 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 0 | 4810430 | 3106610 | 64.58 |

| | | | | | | |
|---|---|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 11* | 8 | 3 | 3195000 | 2049203 | 64.14 |

* സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം, അസിസ്റ്റന്റ് സെക്രട്ടറി 10 പ്രോജക്ടുകളാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.32/23.08.23-ന് ലഭ്യമാക്കിയ മറുപടിയിൽ, ടെക്നിക്കൽ എറർ കാരണമാണ് എറർ സംഭവിച്ചിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. ഐ.കെ.എം-മുമായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 26035196 | 21169335 | 81.31 |
| എസ്.സി.പി. | 16428453 | 12406897 | 75.52 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 19700988 | 6601805 | 33.51 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 7973344 | 1006038 | 12.62 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 22000000 | 2482600 | 11.28 |
| തനത് ഫണ്ട് | 10056000 | 3383272 | 33.64 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 9500875 | 2761635 | 29.07 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 9428095 | 1090795 | 11.57 |
| മെയിന്റനൻസ് റോഡ് | 25399493 | 8724711 | 34.35 |
| മെയിന്റനൻസ് റോഡിതരം | 8085699 | 6313949 | 78.09 |
| മറ്റുള്ളവ | 82288056 | 4479725 | 5.44 |
| ആകെ | 237184360 | 70420762 | 29.69 |

ആകെ ഏറ്റെടുത്ത പദ്ധതികൾ

| | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴിവാക്കി) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 217# | 136 | 81 | 155796304 | 66391037 | 42.61 |

# സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം, ആകെ 216 പ്രോജക്ടുകളാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. എന്നാൽ, അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം എന്ന പ്രോജക്ടിന്റെ വിശദാംശം സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.(അടങ്കൽ,ചെലവ് 4,50,000) ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.32/23.08.23-ന് ലഭ്യമാക്കിയ മറുപടിയിൽ, ടെക്നിക്കൽ എറർ കാരണമാണ് എറർ സംഭവിച്ചിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. ഐ.കെ.എം-മുമായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

<u>ആസൂത്രണ സമിതി</u>

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1 അനുസരിച്ച്, ഭരണസമിതിയുടെ 2/4/07.01.2022-ാം നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 01/18.08.2023ന്റെ മറുപടി).

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ല.

<u>വർക്കിംഗ് ഗ്രൂപ്പ്.</u>

ഭരണസമിതി തീരുമാനം 2(5)/07.01.2022 പ്രകാരം, ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെല്ലാം തന്നെ തൻവർഷം നാല് യോഗങ്ങൾ വീതമാണ് കൂടിയിട്ടുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ

മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പ് യോഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ട് രൂപീകരിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | യോഗം-തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | വനിതാ വികസനം | 11.01.22<br>11.05.22 | സ്വയം തൊഴിലിനുള്ള സഹായം<br>സ്വയം തൊഴിൽ സംരംഭമായി തുടങ്ങിയ കയർ മാറ്റ് നിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുക. |
| 2 | പട്ടികജാതി വികസനം | 14.05.22<br>14.06.22 | (1)സ്വയം തൊഴിൽ സംരംഭകർക്ക് വായ്പാ സഹായം.<br>(2) പോത്തു വളർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തുക. |
| 3 | കൃഷി | 11.05.22<br>14.06.22 | തരിശു ഭൂമി കൃഷി<br>തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുക<br>തെങ്ങുകൃഷിയിൽ രോഗ നിയന്ത്രണം<br>വലിയചിറ പാടശേഖരം-ഉപ്പുവെള്ളം നിയന്ത്രണത്തിനായി തടയണ |
| 4 | കുടിവെള്ളം ശുചിത്വം | 30.05.22<br>17.12.22 | കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മാണം |
| 5 | മൃഗസംരക്ഷണവും ക്ഷീരവികസനവും | 14.05.22<br>30.05.22<br>07.01.23 | ചാണക സംസ്കരണ യൂണിറ്റ് |

സ്റ്റാറ്റസ് റിപ്പോർട്ട്.

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, ഭരണ സമിതിയുടെ 24.12.21-ലെ 1/2, 1/3 നമ്പർ തീരുമാനപ്രകാരം അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി 22/23.08.22 -ന് ലഭ്യമാക്കിയ മറുപടി)

| ക്രമ നം. | മേഖല | പ്രശ്നം | പ്രശ്ന തീവ്രത | സ്വീകരിച്ച പരിഹാര നടപടി |
|---|---|---|---|---|
| I | കൃഷി | മുടപുരം പാടശേഖരത്തിൽ ഉപ്പുവെള്ളം കയറുന്നത് | അതീവ ഗുരുതരം | പ്രോജക്ട് പൂർത്തീകരിച്ചു |
| Ii | പ്രാദേശിക സാമ്പത്തിക വികസനം | പ്രാദേശിക സാമ്പത്തിക വികസനമില്ലായ്മ<br>സഹകരണ മേഖലയിൽ സംരംഭങ്ങൾ കുറവ് | ഗുരുതരം | കുടുംബശ്രീ മുഖാന്തിരവും വ്യവസായ വകുപ്പ് മുഖാന്തിരവും സംരംഭങ്ങൾ അനുവദിച്ചിട്ടുണ്ട്. |
| Iii | സാമൂഹ്യനീതി | 13 അങ്കണ വാടികൾക്ക് കെട്ടിടം ഇല്ല | അതീവ ഗുരുതരം | ഭൂമി വാങ്ങുന്നതിനായി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| Iv | വനിതാ വികസനം | കൈത്തറി വ്യവസായം പുന:രുദ്ധരിക്കുക | ഗുരുതരം | കൈത്തറി മേഖലയിൽ ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. |
| V | പട്ടികജാതി വികസനം | പരമ്പരാഗത കർഷകതൊഴിലാളികൾക്ക് തൊഴിലില്ലായ്മ<br>കുടിവെള്ളമില്ലായ്മ | ഗുരുതരം | 26 ലക്ഷത്തോളം രൂപ ചെലവാക്കി ഭൂഗർഭജലം സംരക്ഷണത്തിനായി പ്രോജക്ട് ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. |

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടിയിരുന്നെങ്കിലും വായ്പകളൊന്നും ലഭ്യമായില്ലായെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/18.08.23-നുള്ള മറുപടി).

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, തൻവർഷം നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.1/18.08.23-നുള്ള മറുപടി).

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ, തൻവർഷം വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ, അതിദാരിദ്ര്യ നിർമ്മാർജ്ജനം - ഭക്ഷണം എത്തിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.18/18.08.23-നുള്ള മറുപടി).

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.1/18.08.23 -നുള്ള മറുപടി).

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.1/18.08.23-നുള്ള മറുപടി).
പദ്ധതിപ്പണം ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും അടിത്തറയിട്ട് പാഴാക്കാതെ മാർഗരേഖാനുസൃതം ചെലവഴിക്കുന്നതിന് മേൽ ഓഡിറ്റ് നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

## 1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2880 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 2163600 | 197 |
| വിധവ പെൻഷൻ | 18933400 | 1944 |
| വാർദ്ധക്യകാലപെൻഷൻ | 39702400 | 3865 |
| വികലാംഗപെൻഷൻ | 5018600 | 465 |
| വിവാഹധനസഹായം | 480000 | 16 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 353000 | 35 |

## 1-7 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/5/22 | 1/8/21 മുതൽ 31/3/22 വരെ | - |

| | | | |
|---|---|---|---|
| അക്കൌണ്ട്സ് ജനറലിന്റെ ഓഡിറ്റ് | 26/12/16മുതൽ-9/1/17 | 2011-12 മുതൽ 2015-16 വരെ | 27/9/18 |

## 1-8 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 110559 | 1364706 | 1475265 | 114256 | 1361009 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 50714844 | 50714844 | 50714844 | |
| ആകെ | 110559 | 52079550 | 52190109 | 50829100 | 1361009 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) നികുതി നികുതിയേതര വരുമാന വരവിൽ കൂടുതൽ ജാഗ്രതയോടെ ഓഫീസ് പ്രവർത്തനം ആവശ്യമാണ്.

2) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിലെ അപാകങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

3) ഫ്രണ്ട് ഓഫീസിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഫോമുകളുടെ രജിസ്റ്റർ ഉണ്ടെങ്കിലും, ആയത് പൂർണ്ണവും കാലികവുമല്ല.

4) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ. (കൈ)നം. 1232009തസ്വഭവ തീ. 02.07.09 പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

5) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

6) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

7) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
8) 2022-23 ലെ വാങ്ങൽ പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രോക്യൂർമെന്റ് കമ്മിറ്റി മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. എങ്കിലും പർച്ചേസ്, സ്റ്റോക്ക് എടുക്കൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ എന്നിവയിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.
9) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 21.08.2023 ന് നടത്തുകയുണ്ടായി. പരിശോധനയിൽ -23110 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 രസീത് ബുക്കുകളുടെ പരിപാലനം -അപാകത

2022-2023 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും 1534, 1536, 1537 എന്നീ നമ്പർ രസീത് ബുക്കുകൾ വെറ്റിനറി ആശുപത്രിയുടെ ആവശ്യത്തിനായി നൽകിയിട്ടുണ്ട്. 1536 എന്ന രസീത് ബുക്കിലെ 92 മുതൽ 100 വരെ രസീതുകളും, 1537 രസീത് ബുക്ക് മുഴുവനായും ഉപയോഗിച്ചിട്ടില്ല. കേരള പഞ്ചായത്ത് അക്കൗണ്ട് കോഡ് പ്രകാരം, ഒരു ഉദ്യോഗസ്ഥൻ ഒരേ സമയം ഒന്നിലധികം രസീതു ബുക്കുകൾ ഉപയോഗിക്കാൻ പാടില്ല. മാത്രമല്ല, 2022-2023 സാമ്പത്തിക വർഷം അവസാനിച്ചിട്ടുള്ളതിനാൽ രസീത് ബുക്കിലുള്ള ബാക്കിയുള്ള രസീതുകൾ ഉപയോഗശൂന്യമായതിനാൽ ആയത് ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട്, 22.08.2023 തീയതിയിൽ 21-ാം നമ്പരായി കൊടുത്തിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് ഉപയോഗശൂന്യമായ രസീതുകൾ

ക്യാൻസൽ ചെയ്തതായി മറുപടി നൽകിയിട്ടുണ്ടെങ്കിലും, ഓഡിറ്റ് പരിശോധനാ വേളയിലും, പ്രസ്തുത രസീത് ബുക്കുകൾ ക്യാൻസൽ ചെയ്തതായി കണ്ടില്ല. ഉപയോഗശൂന്യമായ രസീതുകൾ നിയമാനുസൃമായി കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ Rule 21 പ്രകാരം രണ്ട് നിലവരെയുള്ള വാസഗൃഹങ്ങൾ, 50 ച മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, GI G2, I ഒക്യുപൻസികൾ ഒഴികെ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റുകൾ നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറിക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നതിന് അധികാരം ഉണ്ട്. അയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വഷണത്തിന് (നം.) പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടക്കുന്നുണ്ടെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. ടി വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-12-1 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിപാലനം -അപാകം

കിഴവിലം ഗ്രാമപഞ്ചായത്തിൽ പരിപാലിക്കുന്ന ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച് അപേക്ഷകളുടെ തുടർനടപടികൾ രേഖപ്പെടുത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. രജിസ്റ്ററിൽ, വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാതെ പരിപാലിക്കുന്നതിനാൽ പെർമിറ്റിന് അപേക്ഷ ലഭിച്ചതിന് ശേഷം സമയബന്ധിതമായി കൈക്കൊള്ളേണ്ട നടപടികൾ, തുടർനടപടികൾ, പെർമിറ്റ് ഫീസിന്റെ അടവ് കൃത്യത, എന്നിവ ഓഡിറ്റിന് പരിശോധിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകൻ | Current No / Date |
|---|---|---|
| 136 | പ്രസിഡന്റ് മദ്ധ്യത്തു സുബ്രാഹ്മണ സമാജം | 6285/22, 18/11/22 |
| 137 | അശോകൻ .ആർ | 6290/22, 18/11/22 |
| 171 | അബ്ദുൾ സുലൈമാൻ | 6668/22, 15/12/22 |
| 172 | നാസറുദ്ദീൻ ജാരിയത്ത് | 6684/22, 16/12/ |

ആയതിന് 23.08.2023 തീയതിയിൽ 23ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സങ്കേതം സോഫ്റ്റ് വെയർ മുഖേനയാണ് പെർമിറ്റ് നൽകി വരുന്നതെന്നും ആയത് പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതാണെന്നും പെർമിറ്റ് രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-13 വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരവും, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും വസ്തുനികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ ചുവടെച്ചേർക്കുന്ന 1, 6 വാർഡുകളിലെ ഏതാനും കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

വാർഡ് - 1/പുരവൂർ

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ചതുരശ്രമീറ്റർ) |
|---|---|---|---|---|
| 1 | 1/132 | ഗോപീകൃഷ്ണൻ, കുന്നമലവീട് | പാർപ്പിടാവശ്യം | 90 |
| 2 | 1/141 | കർമ്മചന്ദ്രൻ, തോപ്പിൽ വീട് | പാർപ്പിടാവശ്യം | 77 |
| 3 | 1/203 | അഭിലാഷ്.എസ്.എൽ | പാർപ്പിടാവശ്യം | 80 |
| 4 | 1/206 | ഓമനയമ്മ, ഷിജു നിവാസ് | പാർപ്പിടാവശ്യം | 90 |
| 5 | 1/206 A | ഓമനയമ്മ, ഷിജു നിവാസ് | പാർപ്പിടാവശ്യം | 90 |
| 6 | 1/551 B | മുരുകൻ, വിളയിൽ വീട് | പാർപ്പിടാവശ്യം | 100 |

വാർഡ് 16 – പുളിമൂട്

| ക്രമ | വാർഡ്/ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ | വിസ്തീർണ്ണം |
|---|---|---|---|---|

| നം. | കെട്ടിട നമ്പർ | | ഉപയോഗക്രമം | (ചതുരശ്രമീറ്റർ) |
|---|---|---|---|---|
| 1 | 16/21 | രാമചന്ദ്രൻപിള്ള, ശ്യാമളത്തോപ്പുവിള | പാർപ്പിടാവശ്യം | 90 |
| 2 | 16/358 | സതി, വയലിൽ വീട് | പാർപ്പിടാവശ്യം | 75 |
| 3 | 16/360 | ലതിക, എസ്.എൽ ഭവൻ, പുരവൂർ | പാർപ്പിടാവശ്യം | 800 |
| 4 | 16/620 | അബ്ദുൾ റഷീദ്, നിസ കോട്ടേജ്, കുന്തള്ളൂർ | പാർപ്പിടാവശ്യം | 70 |
| 5 | 16/610 | മുഹമ്മദ് സാലി, ബഷീർ മൻസിൽ | പാർപ്പിടാവശ്യം | 75 |

22.3.2023 തീയതിയിലെ സ.ഉ.(കൈ)നം.77/2023/തസ്വഭവ പ്രകാരം വസ്തുനികുതി പുതുക്കുന്നതിനുള്ള നടപടിക്രമത്തോടൊപ്പം അപാകത പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.34 ന് മറുപടി നൽകിയിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഫീൽഡ്തല അന്വേഷണം നടത്തി വസ്തുനികുതി പുതുക്കി നിശ്ചിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.

## 1-14 കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ 16, 12 വാർഡുകളിലെ 1 മുതൽ 350 വരെയുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ അസസ്മെന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

വാർഡ് 16 (പുളിമൂട്)

| Missing From | Missing To | Missing Total |
|---|---|---|
| 7 | 7 | 1 |
| 12 | 12 | 1 |
| 25 | 25 | 1 |
| 27 | 28 | 2 |
| 37 | 37 | 1 |
| 50 | 50 | 1 |
| 67 | 67 | 1 |
| 83 | 83 | 1 |
| 87 | 87 | 1 |
| 96 | 97 | 2 |
| 140 | 140 | 1 |
| 165 | 165 | 1 |
| 219 | 219 | 1 |
| 224 | 225 | 2 |
| 232 | 233 | 2 |
| 238 | 238 | 1 |
| 240 | 240 | 1 |
| 242 | 244 | 3 |
| 247 | 247 | 1 |
| 260 | 261 | 2 |
| 265 | 265 | 1 |

| | | |
|---|---|---|
| 269 | 269 | 1 |
| 279 | 279 | 1 |
| 293 | 293 | 1 |
| 300 | 301 | 2 |
| 303 | 303 | 1 |
| 343 | 343 | 1 |
| | Total | 35 |

വാർഡ് 12 (കിഴുവിലം)

| Missing From | Missing To | Missing Total |
|---|---|---|
| 22 | 22 | 1 |
| 43 | 43 | 1 |
| 45 | 45 | 1 |
| 49 | 49 | 1 |
| 82 | 82 | 1 |
| 129 | 129 | 1 |
| 132 | 132 | 1 |
| 135 | 135 | 1 |
| 160 | 160 | 1 |
| 162 | 162 | 1 |
| 166 | 166 | 1 |
| 180 | 180 | 1 |
| 202 | 202 | 1 |
| 212 | 212 | 1 |
| 227 | 227 | 1 |
| 232 | 232 | 1 |
| 239 | 239 | 1 |
| 243 | 243 | 1 |
| 251 | 251 | 1 |
| 259 | 259 | 1 |
| 261 | 261 | 1 |
| 270 | 270 | 1 |
| 315 | 315 | 1 |
| 324 | 324 | 5 |
| Total | | 28 |

22.3.2023 തീയതിയിലെ സ.ഉ.(കൈ)നം.77/2023/തസ്വഭവ ഉത്തരവ് നടപ്പാക്കുന്ന മുറയ്ക്ക് കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.33 ന് മറുപടി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തി 01.04.2023 പ്രകാരമുള്ള പുതുക്കിയ നികുതി നിർണയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി -അപാകങ്ങൾ

തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ചുവടെ ചേർക്കുന്നു.

## 1-15-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതിഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2022-23 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2022-23 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ആകെ 30 കരാറുകാർ ഏറ്റെടുത്തിട്ടുള്ളതായി ടെൻഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.പ്രസ്തുത കരാറുകാർ എല്ലാം തന്നെ വർഷങ്ങളായി കോൺട്രാക്ടർ ലൈസൻസുള്ളവരാണെന്ന് മരാമത്ത് പ്രവൃത്തി ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ലൈസൻസ് പകർപ്പുകളിൽ നിന്ന് വ്യക്തമാണ്. പ്രസ്തുത കരാറുകാർ പഞ്ചായത്തിന്റെ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ളതും മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതുമാണോ എന്ന് ഉറപ്പ് വരുത്തേണ്ടതും, തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 2 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15-2 ഡോക്ടർമാർ തൊഴിൽ നികുതി പൂർണ്ണ നിരക്കിൽ അടച്ചിട്ടില്ല.

(A) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2) മുതൽ 3(11) വരെ എന്നിവ പ്രകാരം ഡോക്ടർമാർ പ്രതിവർഷം 2500/- രൂപ നിരക്കിൽ തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. 2022-23 വർഷം ലൈസൻസ് രജിസ്റ്റർ ക്രമ നം .28 പ്രകാരം (വാർഡ് 12), ഡോ.രശ്മി.A.R ദന്തൽ ക്ലിനിക് നടത്താൻ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും, ആകെ 360/- രൂപയാണ് ഒരു വർഷത്തെ തൊഴിൽ നികുതിയായി അടച്ചിട്ടുള്ളത്.

ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (നം.10) മറുപടിയിൽ ബാക്കി തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഡോക്ടർമാരിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-15-3 തൊഴിൽ നികുതി - കുറവായി അടച്ചിരിക്കുന്നു.

കിഴവിലം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ്, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ SSMHSS എന്ന സ്ഥാപനത്തിലെ തൻവർഷം, 20 ജീവനക്കാർക്ക് 3720/- രൂപ മാത്രമേ നികുതി അടച്ചിട്ടുള്ളൂ. ടി വ്യക്തികളുടെ അടിസ്ഥാനശമ്പളം മാത്രമേ വരുമാനമായി കാണിച്ചിട്ടുള്ളൂ. തുച്ഛമായ തുകയാണ് അടിസ്ഥാന ശമ്പളമായി കാണിച്ചിട്ടുള്ളത്. ഉദാഹരണമായി പ്രിൻസിപ്പലിന്റെ അടിസ്ഥാനശമ്പളമായി 6000/- രൂപയും, HSSTയുടേത് 4600/- രൂപയുമാണ് കാണിച്ചിട്ടുള്ളത്.ഇതേ സ്ഥാപനംമുൻ വർഷങ്ങളിൽ നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രിൻസിപ്പലിന്റെ അടിസ്ഥാനശമ്പളമായി 12600/- രൂപയും, HSSTയുടേത് 12400/- രൂപയുമാണ് കാണിച്ചിട്ടുള്ളത്. (2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-18 കാണുക). ടി ജീവനക്കാരുടെ പ്രതിമാസവരുമാനം മിനിമം വേജസ് ആക്ട് പ്രകാരം ഉറപ്പാക്കിയ കുറഞ്ഞ വേതനത്തെക്കാൾ കുറവാണ്. ഇത് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വന്ന പിശകായിരിക്കാം. ഇതുമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാതിരിക്കാൻ ഇതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. അർദ്ധ വാർഷിക വരുമാനമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ ആധികാരികത ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25 ന് ലഭ്യമാക്കിയ മറുപടിയിൽ ഇക്കാര്യത്തിൽ യുക്തമായ തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആഫീസ് മേധാവിയോ തൊഴിലുടമയോ സമർപ്പിക്കുന്ന വിവരങ്ങളുടെ കൃത്യത പരിശോധിച്ചുറപ്പ് വരുത്തി മാത്രം നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15-4 തൊഴിൽ നികുതി രജിസ്റ്റർ-പൂർണ്ണമല്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 (ഐ) പ്രകാരം, തൊഴിൽ നികുതി നിലവിലുള്ളതും പുതുതായി നിലവിൽ വന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ കിഴവിലം പഞ്ചായത്ത് ഓഫീസിനടുത്തുള്ള മുടപുരം ജംഗ്ഷന് സമീപം സ്ഥിതി ചെയ്യുന്ന ,താഴെപറയുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ,തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

1. G.G ഫിനാൻസിയേഴ്സ്
2. കല്പക ഫിനാൻസിയേഴ്സ്

മേൽ സ്ഥാപനങ്ങളെ വരും വർഷങ്ങളിൽ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും,ജീവനക്കാരുടെ തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 18 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മറ്റു വാർഡുകളിലും സമാന രീതിയിൽ സ്ഥാപനങ്ങളെ ഉൾപ്പെടുത്താൻ

വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

## 1-15-6 സഹകരണ സംഘങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം,സഹകരണ സംഘങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുകയോ നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ല.

1. ക്ഷീര സഹകരണ സംഘം, മുടപുരം
2. CHILCOS, മുടപുരം
3. കിഴവിലം റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘം
4. കാർഷിക ക്ഷേമ സഹകരണ സംഘം
5. റൂട്രോണിക്സ് സഹകരണ സംഘം

ടി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 36ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-16 ഓഡിറ്റോറിയം, ഹാൾ -ലൈസൻസ് എടുത്തിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2022-23വർഷം താഴെപറയുന്ന സ്ഥാപനങ്ങളിൽ വിവാഹ ചടങ്ങുകൾ നടന്നിട്ടുള്ളതായി വിവാഹ രജിസ്ട്രേഷൻ അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1. തെന്നൂർക്കോണം ദുർഗ്ഗാദേവി ക്ഷേത്രം ഓഡിറ്റോറിയം
2. ഉമാഹാൾ
3. രവി മെമ്മോറിയൽ ചാമ്പ്യൻസ് മിനി ഓഡിറ്റോറിയം
4. ശിവകൃഷ്ണ ക്ഷേത്രം ഓഡിറ്റോറിയം
5. കാട്ടുമുറാക്കൽ MIM ഹാൾ
6. മുടപുരം തെങ്ങുവിള ക്ഷേത്രം ഓഡിറ്റോറിയം
7. ഊരൂട്ടുമണ്ഡപം തമ്പുരാൻക്ഷേത്രം ഓഡിറ്റോറിയം
8. മാമംനട ഭഗവതിക്ഷേത്രം ഓഡിറ്റോറിയം
9. വലിയ ഏലാ NSS കരയോഗം ഓഡിറ്റോറിയം
10. സഭവിള ശ്രീനാരായണ ഓഡിറ്റോറിയം
11. ഇമാബി ദർബാർ ഹാൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിന്റെ സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ, ലൈസൻസ് എടുത്തിട്ടുള്ളതായി ലൈസൻസ് രജിസ്റ്ററുകളിൽ കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം11) ലഭ്യമാക്കിയ മറുപടിയിൽ, സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റോറിയം, ഹാൾ എന്നിവയിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ എന്നിവ പ്രകാരം, ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

## 1-17 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻഇല്ലാതെ പ്രവർത്തിച്ച് വരുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 266, 1999ലെ കേരള പഞ്ചായത്തിരാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ചാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. നാട്യാലയ നൃത്തവിദ്യാലയം, കുറക്കട.
2. ശബരി സ്കൂൾ ഓഫ് മ്യൂസിക്
3. കോ ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെർഫോമിംഗ് ആർട്സ്.
4. നവൽ ഹിന്ദി വിദ്യാലയം

5. Confident, കൊച്ചലുമ്മൂട്.

6. സ്കൂൾ ഓഫ് ലെറ്റേഴ്സ്, കൊച്ചലുമ്മൂട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28ന് ലഭ്യമാക്കിയ മറുപടിയിൽ ,ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ജാഗ്രതക്കുറവിനെയാണ് സൂചിപ്പിക്കുന്നത്. ഇത്തരത്തിലുള്ള ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വിനിയോഗസാക്ഷ്യപത്രം- അധിക തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം , പേര് | S0 120/23, കന്നുകുട്ടി പരിപാലനം |
| അടങ്കൽ തുക | 1250000/- (വികസന ഫണ്ട് 625000/-, ഗുണഭോക്തൃവിഹിതം 625000/- |
| ചെലവ് തുക | 312500 |
| ബിൽ നം തീയതി | 190/20.12.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

ക്ഷീര കർഷകരുടെ നാലുമുതൽ ആറുമാസം പ്രായമുള്ള പശുക്കുട്ടികളെ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി പരിപാലിക്കുന്ന പദ്ധതിയുടെ ആകെ ചെലവിന്റെ 50% വികസനഫണ്ടും 50% ഗുണഭോക്തൃവിഹിതവും വഹിക്കുന്നു. 2022-2023 സാമ്പത്തിക വർഷത്തിൽ പദ്ധതിയ്ക്ക് 25 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള ചെലവ് തുകയായ 312500/- രൂപ, എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ പേർക്ക് കൈമാറിയിട്ടുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതിയുടെ കാലദൈർഘ്യം3 വർഷമായതിനാൽ 2018-2019 സാമ്പത്തിക വർഷം മുതലുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് 21.08.2022 തീയതിയിൽ നൽകിയ 12ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയിട്ടുള്ള മറുപടി പ്രകാരം ചുവടെ ചേർക്കുന്ന വിശദാംശം ലഭ്യമാക്കിയിട്ടുള്ളതാണ്.

| ക്രമ നം | വർഷം | SLBPയ്ക്കായി കൈമാറിയ തുക | ചെലവഴിച്ച തുക | SLBP യിൽ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 2018-2019 | 312500 | 269103 | 43397 |
| 2 | 2019-2020 | 312500 | 284593 | 27907 |

പ്രോജക്ട് കാലാവധി കഴിഞ്ഞിട്ടും ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച്, വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

പതിന്നാലാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ- ജി.ഒ (എം.എസ്) നമ്പർ 84/2022/ ത.സ്വ.ഭ.വ., തീയതി 19/4/22 ലെ ഖണ്ഡിക 8-14,പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം, റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. അതോടൊപ്പം തന്നെ,സ്വാഭാവിക ജലനിർഗ്ഗമനം സുഗമാക്കുന്നതിനുള്ള ഡ്രെയിനേജ് പ്ലാനും തയ്യാറാക്കണം. നിലവിലുള്ള റോഡുകൾക്കും പുതിയ റോഡുകൾക്കും ഡ്രെയിനേജ് സംവിധാനം ഉറപ്പ് വരുത്തണം.കിഴുവിലം ഗ്രാമ പഞ്ചായത്ത് തൻവർഷം നിരവധി റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ്, റോഡുമായി ബന്ധപ്പെട്ട ഓടകൾ, സൈഡുവാളുകൾ എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയല്ല ഇവ ഏറ്റെടുത്തിരിക്കുന്നത്.റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നതായി ഓഡിറ്റ് എൻക്വയറിക്ക് (നം.14)മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-20 തൊഴിലുറപ്പ് പദ്ധതി -അപാകം

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-2023 ഖ7.12.5 പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ടി രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പും, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിലും,

പൂർത്തീകരണ ഘട്ടത്തിലും ഉള്ള ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയവ ഫയലിൽ ലഭ്യമല്ല.

ഉദാഹരണം :- വർക്ക് കോഡ് IF-712886, കോഴിക്കൂട് നിർമ്മാണം, പുരവൂർ, വാർഡ് 01.

24.08.2023 തീയതിയിൽ 37 ാം നമ്പരായി കൊടുത്ത ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത അപാകം ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-21 ലൈഫ് ഭവന പദ്ധതി-ഗുണഭോക്താക്കൾ വീട് പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ഭവന നിർമ്മാണത്തിനായി ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള വിവിധ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നിലവിൽ കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| ഉഷ .വി, കാട്ടുംപുറം, കിഴുവിലം | 40000/- | പണി തുടങ്ങിയിട്ടില്ല | 05.08.2020 |
| അനിത ആർ, കൊറട്ടുവിളാകം, ചിറയിൻകീഴ് | 300000/- | ലിന്റൽ ലെവൽ | 05.08.2020 |
| സതീശൻ എസ്, മുപ്പറയിൽവീട്, കടയ്ക്കാവൂർ | 40000/- | പണി തുടങ്ങിയിട്ടില്ല | 19.03.2022 |
| മോൻസി എം എ, പുത്തൻവിളവീട്, കാട്ടുംപുറം | 40000/- | പണി തുടങ്ങിയിട്ടില്ല | 08.11.2022 |
| രമാദേവി, തടതരികത്ത് പുത്തൻവീട്, കിഴുവിലം | 200000/- | ബേസ്മെന്റ് ലെവൽ | 24.03.2022 |
| പ്രകാശ്, അക്കോട്ട് വിള വീട്, കുറക്കട | 200000/- | ലിന്റൽ ലെവൽ | 24.03.2022 |
| സതി, ആറ്റുവരമ്പിൽതിട്ട വീട്, കൊറട്ടുവിളാകം | 140000/- | മേൽക്കൂര ലെവൽ | 20.03.2022 |
| ഭാർഗ്ഗവി, പുതുവൽചരുവിളവീട്,കടുവാക്കരക്കുന്ന് | 140000/- | ലിന്റൽ ലെവൽ | 18.03.2022 |
| സജി ജി, ചരുവിളവീട്, കടുവാക്കരക്കുന്നു | 40000/- | ബേസ്മെന്റ് ലെവൽ | 18.03.2022 |
| വിജയകുമാരി റ്റി, അനന്ദു ഭവൻ, കിഴുവിലം | 40000/- | ലിന്റൽ ലെവൽ | 17.03.2022 |
| ഷമവി, തൊടിയിൽവീട്, കോട്ടപ്പുറം, മഞ്ചാടിമൂട്, ചിറയിൻകീഴ് | 40000/- | ബേസ്മെന്റ് ലെവൽ | 18.10.2022 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/23.08.2023 ന് തുക കൈപ്പറ്റി ഇതുവരെയും നിർമ്മാണം തുടങ്ങാത്തവരിൽ നിന്നും നൽകിയ തുക 12% പിഴപ്പലിശയുൾപ്പടെ ഈടാക്കുന്നതിനും, പണി പൂർത്തീകരിക്കാത്തവർ എത്രയും വേഗം നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കും എന്ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ ചമച്ച കരാർ പത്രികയിലെ വ്യവസ്ഥ 4 പ്രകാരം കരാറിൽ ഏർപ്പെട്ട് ആറ് മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ട് എന്ന് നിർവ്വഹണ അധികാരിയും, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണ സമിതിയും ഉറപ്പാക്കേണ്ടതുണ്ട്. തുക കൈപ്പറ്റിയതിനു ശേഷം ഇതുവരെയും നിർമ്മാണം തുടങ്ങാത്ത ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക പിഴപലിശ സഹിതം ഈടാക്കുന്നതിനും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവർ എത്രയും വേഗം നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 വെള്ളക്കരം-ജനറൽ കമ്മിറ്റി തീരുമാനത്തിൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2022 ഒക്ടോബർ മാസം വരെ ഗ്രാമപഞ്ചായത്ത് പ്രതിമാസം 160617/- രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവന്നത്. ആകെ 333 ടാപ്പുകൾക്കാണ് ഗ്രാമപഞ്ചായത്ത് പ്രതിമാസം പ്രസ്തുത തുക നല്കി വന്നത്. എന്നാൽ 2022 നവംബർ മുതൽ ടാപ്പുകളുടെ എണ്ണം 349 ആയി വർദ്ധിക്കുകയും, പ്രതിമാസ വെള്ളക്കരം 168334/- രൂപയായി

വർദ്ധിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ജലജീവൻമിഷൻ പദ്ധതിയിലൂടെ 90% വീട്ടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുള്ളതിനാൽ,ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്ന പക്ഷം, ഭൂരിഭാഗം പൊതുടാപ്പുകൾ ഒഴിവാക്കാൻ സാധിക്കുമെന്നതിനാൽ, സംയുക്ത പരിശോധന നടത്താൻ KWA-യോട് അഭ്യർത്ഥിക്കാനും, ജനറൽ കമ്മിറ്റി 17/3/23 ലെ 6-2 നം തീരുമാന പ്രകാരം, തീരുമാനിച്ചിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ആയതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക്, ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്നും, ഓഡിറ്റ് എൻക്വയറി നം.6 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജനറൽ കമ്മിറ്റി തീരുമാനത്തിൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 കാർഷിക മേഖലയിൽ പദ്ധതികൾ ശുഷ്കം

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 13806 കർഷകരും കൃഷിയ്ക്ക് അനുയോജ്യമായ 1105 ഹെക്ടർ ഭൂമിയും ഉണ്ട്. എന്നാൽ കാർഷിക മേഖലയേയും കൃഷിയേയും പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. 22-23 വർഷം കൃഷിയുമായി ബന്ധപ്പെട്ട് ഏഴ് പദ്ധതികൾ രൂപീകരിച്ച അംഗീകാരം വാങ്ങിയെങ്കിലും 4 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്.കൃഷിസമൃദ്ധി എന്ന പദ്ധതി തന്നെ ജനററൽ, എസ് സി പി, വനിത എന്നീ വിഭാഗങ്ങളിലായി വിഭജിച്ച് നിർവഹണം നടത്തിയിരിക്കുന്നു.കിണർ റീചാർജ്ജ്, ഹരിതഭവനം, കാർഷിക ലേബർ ബഡ്ജറ്റ് രൂപീകരണം എന്നിവ നടപ്പിലാക്കിയിട്ടില്ല.കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സിൽ വാഴകൃഷി വികസനം, തെങ്ങ് കൃഷിയിൽ ചെല്ലി നിയന്ത്രണം, തെങ്ങിൻ തൈ വിതരെണം,കുരുമുളക് തൈ വിതരണം, മൺചട്ടിയിൽ പച്ചക്കറി കൃഷി എന്നീ പദ്ധതികൾ രൂപീകരിക്കാൻ നിർദ്ദേശമുണ്ടായിരുന്നെങ്കിലും ഇവയൊന്നും തന്നെ രൂപീകരിച്ച് അംഗീകാരം വാങ്ങിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാത്തത് സംബന്ധിച്ചും , രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കി കൃഷിമേഖലയെ പ്രോത്സാഹിപ്പിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 30 ,തീയതി 23.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതികൾ നടപ്പിലാക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

## 1-24 വനിതാ ഘടക പദ്ധതികൾ -മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല.

കൃഷി ഓഫീസർ നടപ്പിലാക്കിയ കൃഷി സമൃദ്ധി (വനിത) പദ്ധതിയിൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി നമ്പർ, പേര് | S0 126/23, കൃഷി സമൃദ്ധി (വനിത) |
| അടങ്കൽ തുക | 200000 |
| ചെലവ് തുക | 200000 |
| ബിൽ നം തീയതി | 225/29-12-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പദ്ധതിയുടെ ഭാഗമായി കിഴവിലം പഞ്ചായത്തിൽ കുറഞ്ഞത് 10 സെന്റ് ഭൂമിയുള്ള വനിതാ കർഷകർക്ക് ടിഷ്യൂ കൾച്ചർ വാഴ തൈകൾ സൗജന്യമായി വിതരണം ചെയ്യുന്ന പ്രവർത്തനമാണ് വിഭാവനം ചെയ്ത് നടപ്പിലാക്കിയത്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ, സ.ഉ. കൈ നം. 84/22/ത സ്വ ഭ വ 19.4.22, ഖണ്ഡിക 6.3.14 ൽ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്ന പദ്ധതികളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഖണ്ഡിക 6.3.16 ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് പരാമർശിച്ചിട്ടുണ്ട്. മേൽ പദ്ധതി വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ്. സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിന് ഉതകുന്നതായിരിക്കണം വനിതാ ഘടക പദ്ധതികൾ. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.3.14 – ൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പദ്ധതികളുടെ മാതൃക സർക്കാർ നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കുവാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 35, തീയതി 23.08.2023) മറുപടി ലഭ്യമാക്കിയില്ല.

വനിതകളുടെ സവിശേഷമായ പ്രശ്നങ്ങളെ പരിഹരിക്കത്തക്ക പദ്ധതികൾ മാത്രം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ദുരിതാശ്വാസ നിധി-പണമിടപാടുകൾ ഒന്നും നടന്നിട്ടില്ല.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ട പ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തര ധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥമുള്ള കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവു- ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഫെഡറൽ ബാങ്കിന്റെ മുടപുരം ശാഖയിൽ ദുരിതാശ്വാസ നിധിക്കായി പ്രത്യേകം അക്കൗണ്ട് തുറന്നിട്ടുള്ളതായി പറയുന്നു. എന്നാൽ പ്രസ്തുത അക്കൗണ്ടിൽ കാര്യമായ പണമിടപാടുകൾ ഒന്നും തൻവർഷം നടന്നിട്ടില്ല. സർക്കാർ ഉത്തരവുകളിലൂടെ നിഷ്കർഷിച്ചിരിക്കുന്ന ഫണ്ടുകൾ രൂപീകരിക്കുന്നതിലും അവയുടെ വിനിയോഗത്തിലും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വെഹിക്കിൾ - ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

പ്രോജക്ട് നം. 90/23 : ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വെഹിക്കിൾ

| | കേന്ദ്രാവിഷ്കൃത ഫണ്ട് | CFC (Tied) | തനത് ഫണ്ട് |
|---|---|---|---|
| അടങ്കൽ | 3,15,000 | 1,35,000 | 8000 |
| ചെലവ് | 3,07,167 | 1,35,000 | 7833 |
| ബിൽ നം. | ലഭ്യമല്ല | 252/07.01.23 | ലഭ്യമല്ല |

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

1. മേൽ പ്രോജക്ട് പ്രകാരം ജെംപോർട്ടൽ മുഖേന ഫ്ളോററ്റ് ടെക്നോളജീസിൽ നിന്ന് 4,50,000/- രൂപയ്ക്ക് ഹരിത കർമമസേനയ്ക്കായി ഇലക്ട്രിക് വാഹനം വാങ്ങിയിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസും ഇൻഷ്വറൻസ് തുകയും ചേർത്ത് 10,761/- രൂപ കുറച്ചുള്ള തുകയുടെ 70% തുകയായ 3,07,467/- രൂപ ജില്ലാ ശുചിത്വ മിഷൻ കിഴുവിലം ഗ്രാമ പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ, 1,35,000/- രൂപ CFC (Tied) ഫണ്ടിനത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. -FT-M0452022-23 Dt.12.12.22- നമ്പർ ഇൻവോയ്സ് അനുസരിച്ച് രജിസ്ട്രേഷൻ ഫീസും ഇൻഷ്വറൻസ് തുകയും ചേർത്ത് (10,761/- രൂപ) 4,50,000/- രൂപ ഫ്ളോററ്റ് ടെക്നോളജീസിന് അനുവദിക്കേണ്ടതുണ്ട്. എന്നാൽ, മേൽ പ്രോജക്ടിന്റെ വിശദാംശം സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ - 32/23.08.23) -ക്ക് പ്രോജക്ട് റിവൈസ് ചെയ്തപ്പോൾ സംഭവിച്ച പിശക് ആകാനാണ് സാധ്യത എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. വിഷയം lkm-ന്റെ ശ്രദ്ധയിൽപെടുത്തി, യഥാർത്ഥ കാരണം കണ്ടെത്തേണ്ടതും ചെലവ് നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളുടെ വിശദാംശം സുലേഖ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

2. 13.03.23-ന് രജിസ്ട്രേഷൻ നടത്തിയ മേൽ വാഹനം 10.05.23-ന് ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി VEO-യ്ക്ക് കൈമാറിയതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 32/23.08.23-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാഹനത്തിന്റെ ഉപയോഗ വിശദാംശങ്ങൾ, ലോഗ്ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും വാഹന വിശദാംശം അസറ്റ് രജിസ്റ്ററിലും VEELS പോർട്ടലിലും ഉൾക്കൊള്ളിക്കേണ്ടതുമാണ്.

## 1-27 ആസ്തി രജിസ്റ്റർ-കാലികമല്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ വാഹനങ്ങൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി. 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി. 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. കിഴുവിലം ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം. 90/23ൽ ഉൾപ്പെടുത്തി, 450000/- രൂപ ചെലവഴിച്ച്

ഹരിതകർമ്മ സേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങിയിട്ടുണ്ട്. ടി വാഹനം, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി വസ്തുക്കൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് Laptop വിതരണം - സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല.

പ്രോജക്ട് നം. 188/23 : പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് Laptop

| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി.) |
|---|---|
| അടങ്കൽ | 5,50,000 |
| ചെലവ് | 5,33,601 |

| ബിൽ നം. | തുക |
|---|---|
| 11.01.23 | 3,80,637 + GST 6564 |
| 14.02.23 | 1,46,400 |

നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.സെക്രട്ടറി

വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതിവിഭാഗം വിദ്യാർത്ഥികൾക്ക് Laptop വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച മേൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പട്ടികജാതിവിഭാഗം വിദ്യാർത്ഥികൾക്ക് Laptop വിതരണം ചെയ്യുന്നതിന്മേൽ പാലിക്കേണ്ട നിബന്ധനകൾ പതിനാലാം സബ്സിഡി മാർഗ്ഗരേഖ ഖ.7.27, അനുബന്ധം 4 എന്നിവ പ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. അനുബന്ധം 4-നിർദ്ദേശപ്രകാരം, വിതരണം ചെയ്യേണ്ട ലാപ് ടോപ്പുകൾ, Intel I3, 11nth Gen Or Higher 4GB RAM, O.S.- Ubuntu എന്നീ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതായിരിക്കണം എന്ന് നിഷ്കർഷിക്കുന്നു. മേൽ പ്രോജക്ട് നിർവ്വഹണത്തിനായി GEM Portal മുഖേന Antrycom Systems (India) Pvt. Ltd.-ൽ നിന്ന് വാങ്ങി വിതരണം ചെയ്ത Laptop-ൽ ഈ നിബന്ധന പാലിച്ചിട്ടില്ല. Antrycom Systems (India) Pvt. Ltd.-ന്റെ Invoice No.ACS/11537/23 Dt. 07.01.23 മുഖേന വാങ്ങിയ ലാപ് ടോപ്പ്, I3, 11 Th Gen. 8GB RAM, Win 11 Pro സ്പെസിഫിക്കേഷനിൽ ഉൾപ്പെടുന്നതും. Invoice No.ACS/11586/23 Dt. 16.02.23 മുഖേന വാങ്ങിയ ലാപ് ടോപ്പ് I3, 10 Th Gen. 8GB RAM, Linux/Ubuntu സ്പെസിഫിക്കേഷനിൽ ഉൾപ്പെടുന്നതുമാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.29/23.08.23-ന് തുടർ വർഷങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണ വേളയിൽ, മാർഗ്ഗനിർദ്ദേശപ്രകാരമുള്ള സ്പെസിഫിക്കേഷനിലെ ലാപ് ടോപ്പുകളാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-29 അതിദാരിദ്ര്യ നിർമ്മാർജ്ജനം - ഭക്ഷണം എത്തിക്കൽ- ചെലവ് നടന്നില്ല – ചെലവ് തുക തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം.247 - അതിദാരിദ്ര്യ നിർമ്മാർജ്ജനം - ഭക്ഷണം എത്തിക്കൽ

| | വി.ഫണ്ട് | ബ്ളോക്ക് പ. | ജില്ലാ പ. | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| അടങ്കൽ | 1,00,000 | 1,00,000 | 90,000 | 55000 | 3,45,000 |
| ചെലവ് | 1,00,000 | - | - | - | 1,00,000 |

ബിൽ നം. 363/16.03.23

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് സെക്രട്ടറി

കിഴവിലം ഗ്രാമ പഞ്ചായത്തിൽ, അതിദരിദ്രരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വിവിധ വാർഡുകളിലെ 23 വ്യക്തികൾക്ക് ദിവസം 110/- രൂപ നിരക്കിൽ 3 നേരം ഭക്ഷണം നൽകുന്നതിനായി രൂപീകരിച്ച പ്രോജക്ട് പ്രകാരം 1 ലക്ഷം രൂപ 16.03.23-ന് കിഴവിലം കുടുംബശ്രീ CDS-ന് ബിൽ നം. 363/16.03.23 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഫയൽ വിശദാംശങ്ങൾ പരിശോധിച്ചതിൽ, 2022-23 സാമ്പത്തിക വർഷം, പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം ഭക്ഷണ വിതരണം നിർവ്വഹിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.08 *19.08.23- ന് മറുപടിയായി, കുടുംബശ്രീ വഴി ഭക്ഷണം എത്തിക്കുന്നതിനായി തുക മാർച്ച് മാസം CDS-ന് കൈമാറിയെങ്കിലും ഭക്ഷണം*

*എത്തിക്കുന്നതിന് തയ്യാറുള്ള അയൽക്കൂട്ടം അംഗങ്ങളെ ലഭ്യമാകുന്നതിലുള്ള കാലതാമസം കാരണമാണ് ഭക്ഷണ വിതരണം നടക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് രേഖകളുടെ അഭാവത്തിൽ, ചെലവ്തുക (1,00,000/-)* തടസ്സം ചെയ്യുന്നു. പ്രോജക്ട് പ്രകാരമുള്ള ഭക്ഷണവിതരണം പൂർത്തിയാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തൻ വർഷം (2022-23) ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2780173 | 2761635 | കേദാരം - സമഗ്ര നെൽകൃഷി വികസനം | 1081875 | 2780173 |
| | | | ലൈഫ് പാർപ്പിട പദ്ധതി 2020 പട്ടിക ജാതി | 480000 | |
| | | | സ്നേഹസ്പർശം | 377625 | |
| | | | അനുപൂരക പോഷകാഹാര പദ്ധതി | 100000 | |
| | | | പാലിന് സബ്സിഡി | 722135 | |
| ആകെ | 2780173 | 2761635 | | 2761635 | 2780173 |
| ജില്ലാ പഞ്ചായത്ത് | 1542720 | 1090795 | കേദാരം - സമഗ്ര നെൽകൃഷി വികസനം | 567720 | 1542720 |
| | | | സ്നേഹസ്പർശം | 377625 | |
| | | | SC അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവന നിർമ്മാണം | 100000 | |
| | | | പാലിന് സബ്സിഡി - ജനറൽ | 45450 | |
| ആകെ | 1542720 | 1090795 | - | 1090795 | 1542720 |
| മുൻസിപ്പാലിറ്റി | 1600000 | - | - | - | 1600000 |
| ആകെ | 1600000 | | | | 1600000 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| Sl. No. | നിർവഹണ ഏജൻസി | മുന്നിരിപ്പ് | 2022-23 വർഷത്തെ പ്രവൃത്തിയുടെ പേര് | 2022-23 വർഷത്തെ മുൻകൂർ നൽകിയതുക | 2022-23 വർഷം യു.സി ലഭിച്ചത്. സ്ഥാപനത്തിലേക്ക് റീഫണ്ട് ചെയ്ത തുക | ബാക്കിയുള്ള തുക | മുന്നിരിപ്പ് ഉൾപ്പെടെ ബാക്കി തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | KSEB | 2974962 | പോസ്റ്റ് ഷിഫ്റ്റിംഗ് | 122144 | 2023-24 വർഷം യു.സി ലഭിച്ചു. 123008 (21-22 വർഷത്തെ പദ്ധതിയ്ക്ക് 22-23 വർഷം യു.സി ലഭിച്ചു | 122149 | 1867103 (AFS-ൽ 309711/- രൂപ രേഖപ്പെടുത്തി യിരിക്കുന്നു. |
| | ആകെ | 2974962 | | 122144 | 1230008 | 122149 | 1867103 |
| | KWA | 2969108 | - | - | 1691853 (21-22 വർഷത്തെ പദ്ധതികൾ) | - | 1277255 (AFS -ൽ 2646276/- രൂപ എന്ന് രേഖപ്പെടു ത്തിയിരിക്കുന്നു.) |
| | ആകെ | 2969108 | - | - | 1691853 | - | 1277255 |
| | Ground Water Authority | 204500 | - | - | - | - | 204500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക (സുലേഖ പ്രകാരം) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC-LIFE LOAN | | 10375765 | 3720000 | 2767249 | 11328516 |

*GO പ്രോജക്ക് പ്രകാരം തിരിച്ചടച്ച 612027/- രൂപ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ AFS ൽ ബാലൻസ് ഷീറ്റ് B5 ൽ 11940543/- രൂപയാണ് ലോൺ തിരിച്ചടവ് ബാലൻസ് നിൽക്കുന്നത്. അപാകം ഖണ്ഡിക 1-1-14-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-6 | 2017-18 | 1-1 | നിലവിൽ ഇല്ലാത്ത തസ്തികയിലും ലാബിലും ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം | - |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരും/മേൽവിലാസം |
|---|---|---|---|
| 2013-14 | | 17724 | താഹിറാ ബീഗം, ഐ.സി.ഡി.എസ് സൂപ്പർവൈസർ (നിയാസ് മൻസിൽ, തോന്നയ്ക്കൽ പി.ഒ, തിരുവനന്തപുരം |
| 2018-19 | | 20000 | ഡോ.ദീപ രവി, ശ്രീവൽസം, എൻ.എൽ.ആർ.കെ, നീരാഴി ലൈൻ, ഉള്ളൂർ പി.ഒ |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 30605003/- രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71269723/- രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75334208/- രൂപ |
| നീക്കിയിരിപ്പ് | 26540518/- രൂപ |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100000/- രൂപ |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 1,00,000/- രൂപ | ശ്രീ. ശ്രീകമാർ, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ശ്രീകമാർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കിഴുവിലം ഗ്രാമപഞ്ചായത്ത് | നവനീതം, പാളയത്തിൽ, ആലംകോട് പി.ഒ, ആറ്റിങ്ങൽ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1947/2022 തീയതി: 04/10/22 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജിപി12/11947/2022 തീയതി: 04/10/22 | 3 |
| 2009-10 & 2010-11 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1947/2022 തീയതി: 04/10/22 | 5 |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1947/2022 തീയതി: 04/10/22 | 2 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജിപി12 /1947/2022 തീയതി: 04/10/22 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജിപി12 /1947/2022 തീയതി: 04/10/22 | 6 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1947/2022 തീയതി: 04/10/22 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1947/2022 തീയതി: 04/10/22 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1947/2022 തീയതി: 04/10/22 | 12 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1947/2022 തീയതി: 04/10/22 | 21 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 19-07-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kizhuvilam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kizhuvilam Grama Panchayat for the year 2022-2023

Date: 16/10/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Kizhuvilam Grama Panchayat for the Year 2022-2023.

**1.Major Observations**

nil

**2.Other Observations**

1. All statements prescribed in accounting rules were not included in annual financial statement.

eg :- ratios, comments relating to notes.

2. Bank reconciliation statement of SBI and ICICI bank, Closing balance of bank book and passbook were reconciled by cheque deposited but not collected.

Details regarding the uncleared cheques were not furnished.

3. Cash book and pass book balance of ICICI bank (A/c No. 075201001291) is not matching. Difference of 99,131/- is to be reconciled.

4. Unspent amount of Grant allotted for specific purpose not refunded, recorded as balance is B 4 schedule.
5. Advance register is not well maintained, so cannot check the authenticity of the given advances and its recoupment.
6. The valuation of stock and stores are not done at the end of the financial year and also not included in B-14 Stock in hand (inventories) schedule.
7. Misclassification of payment voucher. The amount deposited with KWA is not included in the B-18 schedule.
8. MGNREGS â Cash book amount does not match with AFS.
9. Information of overdue deposits and action taken to credit the same to the Panchayat Fund have not been made available in the deposits recorded in Schedule B-7.

10. Net increase/decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalance.
11. Lapses in making timely and accurate demand entries in respect of tax and non tax revenue.
12. Cheque uncashed for more than 3 months were not transferred to stale cheque account.
13. The amount of KURDFC loan repayment in sulekha expenditure statement not matches with that of Annual Financial statement
14.Loan , Investment, Advance, Deposit registers are not maintained.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്